(ബി) വനിതകൾക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഒരു കെട്ടിടം ഇതിനകം പണിയു നൽകിയിട്ടുണ്ട്. ഗാരേജിന്റെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാനായി 3 ബേ ഗാര്യേജും അതിനോടുചേർന്നുള്ള മുറികളും പണി കഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആറ് മാസത്തിനകം പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് നിലവിലെ ഡിപ്പോ കെട്ടിടത്തിന്റെ മുകളിൽ ഒരു നിലകൂടി പണിയാവുന്നതാണെങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ അത് ഉടനെ സാദ്ധ്യമാവുന്നതല്ല. ഏതെങ്കിലും വിധത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇത് പ്രാവർത്തികമാക്കാവുന്നതാണ്.

(സി) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് 59 ഷെഡ്യൂളുകളും ഒരു ജൻറം നോൺ എ.സി. ലോ ഫ്ലോർ ഷെഡ്യൂളുമാണുള്ളത്. ഇവ ഓപ്പറേറ്റ് ചെയ്യുന്നതിനായി നിലവിൽ ഒരു നോൺ എ.സി. ലോ ഫ്ലോർ ബസ്സ് ഉൾപ്പെടെ 59 ബസ്സുകളാണുള്ളത്.

(ഡി) പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്നമുറയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

കാൽനടയാത്ര, സൈക്കിൾ സവാരി എന്നിവ പ്രോത്സാഹിപ്പിക്കൽ

321 (3143) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യം കാരണം കാൽനട യാത്ര, സൈക്കിൾ സവാരി എന്നിവ സുരക്ഷിതമല്ലാതായി തീർന്നിരിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർദ്ധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണവും ട്രാഫിക് തടസ്സങ്ങളും ഒഴിവാക്കുന്നതിന് കാൽനടയാത്ര, സൈക്കിൾ സവാരി എന്നിവ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇവ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പല പൊതുനിരത്തുകളും നടപ്പാതകളും കാൽനടയാത്രപോലും സാധ്യമാകാത്തവിധം സ്വകാര്യ വ്യാപാര സ്ഥാപനങ്ങളും മറ്റും കയ്യേറി പാർക്കിംഗ് ഏരിയ ആയി ഉപയോഗിക്കുന്നതിനെതിരെ എന്തെല്ലാം നടപടി സ്വീകരി ക്കുന്നുണ്ട് ; വിശദമാക്കാമോ ?

ഉത്തരം.

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആലോചിച്ചുവരുന്നു.

(ഡി) കയ്യേറ്റം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എടുത്തുവരുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2008 സെപ്റ്റംബർ 17-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാതയോരങ്ങളിൽ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളെ പകൽസമയത്തും രാത്രി സമയങ്ങളിലും നീക്കം ചെയ്യുന്നതിനും പിഴ ഈടാക്കിയതിനുശേഷംമാത്രം വിട്ടുകൊടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ആംബുലൻസുകളുടെ യാത്രാപ്രശ്നം

322 (3144) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംബുലൻസുകളുടെ യാത്രാപ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവൻ രക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി പോകുന്ന വാഹനങ്ങൾക്ക് ഗതാഗത നിയമത്തിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ആംബുലൻസുകളുടെ യാത്ര സംബന്ധിച്ച് എന്തെങ്കിലും പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly